കള്ളുഷാപ്പുകൾ നടത്തുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പറഞ്ഞിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിനു അധിക സാമ്പത്തിക ബാധ്യതയുള്ളതിനാൽ കൂടുതൽ സമയം ആവശ്യമാണ്. ഘട്ടംഘട്ടമായി മാത്രമേ ഇതിനു മാറ്റം വരുത്തുവാൻ സാധിക്കൂ. കള്ളുഷാപ്പുകൾ എല്ലാം തന്നെ സർക്കാർ കെട്ടിടത്തിലേക്ക് മാറ്റണമെന്നുള്ള ശുപാർശ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരിഗണിക്കാൻ സാധിക്കൂ.

മധുരക്കള്ള് ചെത്തുന്ന തെങ്ങിനു വൃക്ഷക്കരം ഉപേക്ഷിക്കണമെന്നുള്ള കമ്മീഷൻ ശുപാർശ നടപ്പിലാക്കിയാൽ അതു പല വിധത്തിലും ഉള്ള ദുരുപയോഗത്തിനും കാരണമായിത്തീരും. കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന മറ്റൊരു കാര്യം കള്ളുഷാപ്പുകളിൽ ചാരായവും, വിദേശ മദ്യവും വിൽക്കുന്നതു ജയിൽ ശിക്ഷയ്ക്ക് അർഹമാക്കണമെന്നുള്ളതാണ് അബ്കാരി ആക്ട് പ്രകാരം കള്ള് ഷാപ്പുകളിൽ ചാരായവും വിദേശമദ്യവും വിൽക്കുന്നത് കുറ്റകരവും ജയിൽ ശിക്ഷയ്ക്ക് അർഹവുമാണ്.

(ഇ) ഇക്കാര്യത്തിൽ പ്രത്യേകമായൊരു പഠനം നടത്തിയിട്ടില്ല. എന്നാൽ ഉദയഭാനു കമ്മീഷൻ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ചില ശുപാർശകൾ സമർപ്പിക്കുകയും അതിലെ പ്രധാന ശുപാർശകളിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മദ്യമാഫിയ-എക്സൈസ് ഉദ്യോഗസ്ഥ അവിഹിത ബന്ധം

30 (1825) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യമാഫിയ ഉദ്യോഗസ്ഥ അവിഹിതബന്ധം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) 2003 മാർച്ച് അവസാനം സംസ്ഥാനത്തെ ചില എക്സൈസ് ഓഫീസുകളിൽ നടത്തിയ വിജിലൻസ് റെയ്ഡിൽ കണക്കിൽപ്പെടാത്ത എത്ര തുക പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവ ഏതൊക്കെ ഓഫീസുകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതു സംബന്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ടോ ; വിശദ വിവരം വ്യക്തമാക്കുമോ ;

(എഫ്) ആരുടെയെങ്കിലും പേരിൽ വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) തിരുവനന്തപുരത്ത് അബ്കാരി കരാറുകാരനായ സുനിലിനെ അറസ്റ്റു ചെയ്യുമ്പോൾ കൂടെ ഉണ്ടായിരുന്ന എക്സൈസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എച്ച്) ടിയാന്റെ പേരിൽ ചാർജ് ചെയ്തിട്ടുള്ള കേസിന്റെ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) മദ്യ മേഖലയിൽ നിന്നും അബ്കാരി കരാറുകാരെ ഒഴിവാക്കി പ്രസ്തുത വ്യാപാരം പൂർണ്ണമായി പൊതു മേഖലയിലും സഹകരണ മേഖലയിലുമുള്ള സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) രൂപ 1,84,760

(ഡി) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസ് കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം.

(ഇ&എഫ്) കോട്ടയം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ ഏഴ് ഉദ്യോഗസ്ഥർക്കെതിരെയും, തൃശ്ശൂർ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ ആഫീസിലെ ആറ് (6) ഉദ്യോഗസ്ഥർക്കെതിരെയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊല്ലം എക്സൈസ് ഡിവിഷനിൽ നടത്തിയ പരിശോനയുടെ റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്. ഇതുമായി ബന്ധപ്പെട്ട എറണാകുളം എക്സൈസ് ഡിവിഷനിൽ രണ്ടും (2) തൃശ്ശൂർ എക്സൈസ് ഡിവിഷനിൽ അഞ്ചും (5) ഉദ്യോഗസ്ഥന്മാരെ ഇതുവരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിലെ റിപ്പോർട്ട് വിജിലൻസിൽ നിന്നും കിട്ടുന്ന മുറയ്ക്ക് നടപടികൾ എടുക്കുന്നതാണ്.

(ജി&എച്ച്) പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ കൃത്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചതിന് ടി ഉദ്യോഗസ്ഥന്റെ പേരിൽ പോലീസ് കേസ് എടുത്തിട്ടുണ്ട്. വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നു.

(ഐ) ബാറുകളും, കള്ളുഷാപ്പുകളും ഒഴികെയുള്ള മുഴുവൻ മദ്യമേഖല വ്യാപാരവും ഇപ്പോഴും പൊതു മേഖലയിലാണ്. ബാർ/കള്ളുഷാപ്പുകൾ പൊതു മേഖലയിലാക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

സ്പിരിറ്റ് കടത്ത് തടയുവാൻ നടപടി

31 (1826) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റായ അമരവിളയിൽ ഈ സർക്കാർ വന്നശേഷം എത്ര സ്പിരിറ്റ് കടത്തൽ വാഹനങ്ങൾ എക്സൈസ് വകുപ്പ് പിടിച്ചിട്ടുണ്ട് ; സെയിൽസ് ടാക്സ് എത്ര വാഹനങ്ങൾ പിടിച്ചിട്ടുണ്ട് ;

(ബി) ഈ ചെക്ക് പോസ്റ്റുകളിൽ ഈ സർക്കാർ വന്നശേഷം എക്സൈസ് വകുപ്പിലെ ആരെല്ലാം ജോലി ചെയ്തിട്ടുണ്ട് ; ഇപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥർ ആരെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly